# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2350 18.06.2014 - ൽ മറുപടിയ്ക്ക്

## അവയവ മാറ്റ ശസ്ത്രക്രിയകളുടെ നിരക്ക് ഏകീകരിക്കുന്നതിനുള്ള നടപടി

| ചോദ്യം<br>ശ്രീ. പി തിലോത്തമൻ | മറുപടി<br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) കരൾ - വൃക്ക രോഗങ്ങൾക്ക് പ്രസ്തുത അവയവങ്ങൾ മാറ്റിവയ്ക്കുന്ന ശസ്ത്രക്രിയകൾ നടത്തുന്ന സർക്കാർ മേഖലയിലെ ആശുപത്രികൾ ഏതെല്ലാമാണെന്നും അവിടെ എത്ര ശസ്ത്രക്രിയകൾ നടത്തുവാൻ കഴിയുന്നുണ്ടെന്നും അതിന് വേണ്ടിവരുന്ന ചെലവ് എത്രയാണെന്നും സംബന്ധിച്ച വിവരങ്ങൾ നൽകുമോ; | (എ) സർക്കാർ മേഖലയിൽ കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയ ഇതുവരേയും തുടങ്ങിയിട്ടില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി വരുന്നു. സർക്കാർ മേഖലയിൽ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടന്നുവരുന്നു. ഇതിന് ഏകദേശം നാല് ലക്ഷത്തോളം രൂപ ചെലവ് വരുന്നു. ഈ മേഖലയിൽ ഏകദേശം 150 ഓളം ശസ്ത്രക്രിയകൾ നടന്നിട്ടുണ്ട്. |
| (ബി) കരൾ - വൃക്ക എന്നീ അവയവങ്ങൾ മാറ്റിവയ്ക്കുന്ന ശസ്ത്രക്രിയകൾ നടത്തുന്ന കേരളത്തിലെ സ്വകാര്യ ആശുപത്രികൾ ഏതെല്ലാമാണെന്നു പറയാമോ; ഇവിടങ്ങളിൽ ഇത്തരം ശസ്ത്രക്രിയകൾക്ക് വേണ്ടിവരുന്ന ചെലവ് എത്രയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; ഈ സ്ഥാപനങ്ങളിലെ നിരക്കുകൾ നിശ്ചയിക്കുന്നത് ആരാണെന്നു പറയാമോ ; ഇത്തരം കാര്യങ്ങളിൽ സർക്കാരിന്റെ പങ്ക് വ്യക്തമാക്കുമോ; | (ബി) കരൾ - വൃക്ക എന്നീ അവയവങ്ങൾ മാറ്റിവയ്ക്കുന്ന കേരളത്തിലെ സ്വകാര്യ ആശുപത്രികൾ താഴെ പറയുന്നവയാണ്<br>കിംസ് ഹോസ്പിറ്റൽ, തിരുവനന്തപുരം - കരൾ, വൃക്ക<br>അനന്തപുരി ഹോസ്പിറ്റൽ, തിരുവനന്തപുരം - വൃക്ക<br>ലൂർദ് ഹോസ്പിറ്റൽ, എറണാകുളം - വൃക്ക<br>വെസ്റ്റ് ഫോർട്ട് ഹോസ്പിറ്റൽ, തൃശ്ശൂർ - വൃക്ക<br>മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ, കൊച്ചി - കരൾ, വൃക്ക<br>പി.വി.എസ് ഹോസ്പിറ്റൽ , കൊച്ചി - വൃക്ക<br>AIMS, കൊച്ചി - വൃക്ക, കരൾ<br>മിംസ്, കോഴിക്കോട് - വൃക്ക, കരൾ<br>ലേക് ഷോർ, കൊച്ചി - വൃക്ക, കരൾ<br>പി.വി.എസ് , കോഴിക്കോട് - വൃക്ക<br>ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ, കോഴിക്കോട്- വൃക്ക<br>ലിസി ഹോസ്പിറ്റൽ, എറണാകുളം - വൃക്ക<br>കേരളത്തിലെ വലുതും ചെറുതുമായ ആശുപത്രികൾ അവിടുത്തെ സൗകര്യങ്ങൾക്കനുസൃതമായി വിവിധ തരത്തിലുള്ള ഫീസാണ് നിശ്ചയിച്ചിരിക്കുന്നത്. നിലവിൽ ഇതിന്മേൽ സർക്കാരിന്റെ നിയന്ത്രണങ്ങൾ ഒന്നുമില്ല. |

| | |
|---|---|
| (സി) സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും നടത്തുന്ന മേൽപറഞ്ഞ തരം ചികിത്സകൾക്കും ശസ്ത്രക്രിയകൾക്കും ഒന്നോ രണ്ടോ ലക്ഷം രൂപ മാത്രം ചെലവുവരുമ്പോൾ വൻകിട സ്വകാര്യ ആശുപത്രികളിൽ ഇത്തരം ശസ്ത്രക്രിയകൾക്ക് പത്തും ഇരുപതും മടങ്ങ് തുക രോഗികളിൽ നിന്നും വാങ്ങുന്ന കാര്യം ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; അമിത ചാർജ്ജുകൾ വാങ്ങുന്ന സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്നു പറയാമോ; | (സി) & (ഡി) ഇത്തരമൊരവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി "മൃതസഞ്ജീവനി" പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവ് നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങൾക്ക്, സർക്കാരിന്റെ പരിഗണനയിലുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ് മെന്റ് ബില്ല് നിയമമാകുന്നതോടെ പരിഹാരമാകുമെന്നാണ് കരുതുന്നത്. |
| (ഡി) അവയവദാനത്തിന് ഒട്ടേറെപേർ സന്നദ്ധരായി മുന്നോട്ടുവരുന്ന സാഹചര്യം കണക്കിലെടുത്ത് അത് പരമാവധി പ്രയോജനപ്പെടുത്തി കൂടുതൽപേരെ രക്ഷിക്കുന്നതിനും സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും കൂടുതൽ സൗകര്യങ്ങളൊരുക്കുവാൻ നടപടി സ്വീകരിക്കുമോ; ഇത്തരം ചികിത്സകളും ഓപ്പറേഷനുകളും നടത്തുന്ന സ്വകാര്യ ആശുപത്രികളുടെ ചികിത്സാ ഫീസ് ഏകീകരിച്ച് ഏറ്റവും മിതമായ നിരക്കിൽ ജനങ്ങൾക്ക് സേവനം ലഭ്യമാക്കുവാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ